''പറയൂ. എന്താണ് ടീബി, പ്രവിയുടെ കാഴ്ചപ്പാടിൽ?'' ആദ്യചോദ്യത്തിന് ഉത്തരം കാച്ചിക്കുറുക്കിയത് പോലുടൻ വന്നു-

''ടെൻഷൻ കുറക്കാൻ സൈഡ്എഫക്ട്സില്ലാത്തൊരു
ടോണിക്കാണെനിക്ക് ടീ.ബി.''
ബാങ്ക് ട്രോൾസായിരുന്നു, ആദ്യപടി.
2019 ൽ ടീബിയിലേക്കും ചുവടു വച്ചു. ''ആസ്വാദകനായി വന്നു ഞാൻ.
ഇപ്പോഴും മെയിൻ അതുമാത്രം; എന്നാൽ 'കമ്മട്ടം'
എന്ന ബാങ്കർ കഥാസമാഹാരം എന്റെ ഉറക്കം കെടുത്തി. അതിലൊരു കഥ എഴുതാൻ കഴിഞ്ഞില്ല. അടുത്ത പുസ്തകത്തിൽ എന്തായാലും ഒരു കഥ എഴുതിയിരിക്കുമെന്ന ദൃഢനിശ്ചയം
സാദ്ധ്യമായി.''

പ്രവിയുടെ ടീ ബീ ബന്ധത്തിന്റെ ഇഴയടുപ്പം മനോഹരവും ദൃഢവുമാണ്. ബാങ്ക് ട്രോൾസ് ഗ്രൂപ്പിൽ അക്ഷീണനായി നിലകൊള്ളുന്നയീ ബാങ്കറെ കണ്ടെത്തിയിട്ട് വർഷമൊന്നു കഴിഞ്ഞിരിക്കുന്നു.

സഹർഷം ഈയാഴ്ചയുടെ ദളം വിടരുന്നു.
(256)

പ്രവീൺകുമാർ പി.വി
(പ്രവീൺകുമാർ പ്രവി)
കനറാ ബാങ്ക്,
ബ്രോഡ് വേ ബ്രാഞ്ച്, എറണാകുളം.

എറണാകുളം പൂക്കാട്ടുപടി ഗ്രാമത്തിൽ ചെറിയ തോതിൽ കൃഷിയും സ്വയംസംരംഭകനുമായി ജീവിതം കരുപ്പിടിപ്പിച്ച ശ്രീ വള്ളോൻ- ശ്രീമതി തങ്കമ്മ ദമ്പതികളുടെ രണ്ടുമക്കളിൽ ആദ്യജാതനായി 1982 ൽ ജനനം. അച്ഛന്റെ സ്വയം സംരംഭം രണ്ടായിരാമാണ്ട് തുടങ്ങിയപ്പോഴേ പൂട്ടിപ്പോയി. കെ.എസ്.ഇ.ബി യിൽ പാർട്ട്-ടൈം ജീവനക്കാരിയായിരുന്ന അമ്മയുടെ ശമ്പളം കരുത്തേകിയ നാളുകളിലൂടെ പഠനം തുടർന്നു. അമ്മ 2022 ൽ വിരമിച്ചു. അനുജൻ പ്രദീപ്
കുമാർ ഓട്ടോമൊബൈൽ പെയിന്റിംഗ് സ്വന്തമായി ചെയ്യുന്ന സംരംഭകനാണ്.

പഴങ്ങാട് സെന്റ് അഗസ്റ്റിൻ ലോവർ പ്രൈമറിസ്ക്കൂൾ മുതൽ ഇരുമ്പനം ഗവണ്മെന്റ് ഹൈസ്ക്കൂൾ, എടത്തല അൽ- അമീൻ കോളേജ്, തൃക്കാക്കര ഭാരതമാതാ കോളേജ് വരെ നീണ്ടപതിനേഴ് വർഷ വിദ്യാഭ്യാസകാലത്ത് ഭംഗിയായി പഠിക്കാൻ കഴിഞ്ഞു; പ്രത്യേക ടാലന്റ് ഒന്നും തന്നിലാരോപിക്കപ്പെടാതെ പോയതിനാൽ പഠനത്തിലെ താത്പര്യങ്ങളായിരുന്നു മുഖ്യം. പഠനത്തിൽ അദ്ധ്യാപകരും മാതാപിതാക്കളും അകമഴിഞ്ഞ പ്രോത്സാഹനമേകി. 2005 ൽ

ഭാരതമാതയിൽ നിന്ന് M. Com ആയി ജീവിതവഴിയിലേക്ക് നടന്നു കയറുകയായിരുന്നു. ഉള്ളിൽ ഗാനവീചികൾ അലയടിച്ചിരുന്നു. ചില്ലകളും പക്ഷികളും തനിക്ക് വഴികാട്ടിയായെപ്പൊഴും കൂടെയുണ്ട് - പ്രവീൺ ഉള്ള് തുറക്കുന്നു.

പഠനശേഷം വിവിധയിടങ്ങളിൽ സേവനം ചെയ്തു ദൃഢമായ കരുത്തിനുടമകൂടിയാണീ ബാങ്കർ. ആദ്യമൂന്ന് മാസം നാട്ടിലൊരുസ്വകാര്യ
കമ്പനിയിൽ ജോലി ചെയ്തു.
തുടർന്ന് മൂന്ന് വർഷം ബാംഗ്ളൂർ പോപ്പുലർ മോട്ടേഴ്സിൽ ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തി. തുടർന്നുള്ള ഒന്നൊര വർഷം വൈറ്റിലയിലെ രഞ്ജിനി ഐ ഹോസ്പിറ്റലിലും ജോലി നോക്കി. അതും രാജിവച്ച് നേരേ എറണാകുളം ബ്രില്യൻസിൽ പോയി കോച്ചിംഗ് നേടി ബാങ്ക് ടെസ്റ്റുകളെഴുതുന്നിടയിൽ മിൽമയിൽ അക്കൗണ്ട് ഓഫീസറായുള്ള നിയമനം കൈവന്നു.

ഇതിനിടയിൽ 2012 ലെ ബാങ്ക് പ്രൊബേഷണറി
ഓഫീസർ ടെസ്റ്റിൽ വിജയിയാവുകയും ചെയ്തു. മിൽമയിൽ നിന്ന് രാജി വച്ച് കനറാ ബാങ്കിലെ ഓഫീസർ നിയമനം സ്വീകരിച്ചു. ആദ്യ പോസ്റ്റിംഗ് തലശ്ശേരിയിൽ.

തുടർന്ന് മലപ്പുറം, പാലക്കാട് വഴി ഈറോഡ്, ചെന്നൈ ഇൻസ്പെക്ഷൻ യൂണിറ്റ് എന്നിവിടങ്ങളിലെ അസൈൻമെന്റുകൾക്കു ശേഷം ഇപ്പോൾ എറണാകുളം ബ്രോഡ് വേ
ബ്രാഞ്ചിൽ സീനിയർ മാനേജരായി സേവനം തുടരുന്നു.

സനിതയുമായുള്ള ദാമ്പത്യവല്ലരിയിൽ
വിടർന്ന മകൾ ഭവ്യയിപ്പോൾ
അഞ്ചാംക്ലാസ്സിലെത്തി. പഠനത്തോടൊപ്പം ഭവ്യ ഭരതനാട്യത്തിലും ചുവടുറപ്പിക്കുന്നു. വീട്ടുകാര്യങ്ങളുടെ നോട്ടം സനിതയിൽ ഭദ്രം; ഒപ്പം മത്സരപ്പരീക്ഷകൾക്കായുള്ള ട്രെയിനിംഗിനും സമയം മാറ്റിവച്ച് ഒഴിവുസമയങ്ങളെ സമ്പുഷ്ടമാക്കുന്നു.

ടീ ബി എന്ന ടോണിക്-

ബാങ്ക് ട്രോൾസ് കൂട്ടായ്മയായിരുന്നു ആദ്യവേദി. അവിടെ കുറിക്ക് കൊള്ളുന്ന ക്യാപ്ഷനുകളും ബാങ്കിലെ കാഴ്ചകൾക്ക് ചടുല ഭാവങ്ങൾ നല്കുന്ന മീമുകളും വിളക്കിച്ചേർത്ത ട്രോളുകൾ
'1 k ബാഡ്ജു'കൾ അനവധി നേടി.
ബാങ്ക് ട്രോൾസ് ഗ്രൂപ്പിന്റെ സജീവസാന്നിദ്ധ്യമായി തുടരുന്നു.

ഫോട്ടോഗ്രഫിയിലെ കമ്പം-

''പണ്ടേ ഉള്ളിലുണ്ടായിരുന്നു ഫോട്ടോഗ്രഫിയോടുള്ള താത്പര്യം. TB യിലെ ഫ്രെണ്ട്സ് നല്കിയ പ്രോത്സാഹനം, TB ഫോട്ടോഗ്രഫി ക്ലബ്ബിന്റെ ടിപ്സ് എല്ലാം ചേർന്നപ്പോൾ ഒരു DSLR ക്യാമറ വാങ്ങാതെ തരമില്ലെന്നായി. പഴയ വീടിനടുത്തൊരു കശുമാവിൻ തോട്ടമുണ്ട്. അവിടെ കിളികളുടെ കലപിലാരവവും വേണ്ടുവോളം. അയൽവാസിയും ചങ്ങാതിയുമായ അനൂപ് ചേട്ടന്റെ പ്രോത്സാഹനവും വിലപ്പെട്ടതായി.

ബേർഡ് വാച്ചിംഗ് കൃത്യതയോടെ ചെയ്യാനുള്ള ലെൻസിന്റെ വിവരങ്ങൾ നമ്മുടെ സൂരജ് നല്ലൂരിൽ (മുൻകാല ടീ ബി ഓഫ് ദ വീക്ക്) നിന്ന് നേടി.

ഒഴിവ് സമയങ്ങളിൽ തന്റെ നിക്കോൺ DSLR കൈയിലെടുക്കുന്നു.

നമ്മുടെ ടീ ബിയുടെ ഫെയ്സ്ബുക്ക് പേജിൽ പ്രവിയുടെ പക്ഷികളും പ്രകൃതിയും നിറം ചാർത്തുന്ന ഫോട്ടോകൾ അനവധിയുണ്ട്.

ന്യൂഡെൽഹി കേന്ദ്രമായ 'മണികർണിക ആർട് ഗ്യാലറി' യുടെ ആഭിമുഖ്യത്തിൽ 2024 ജനുവരി 13 മുതൽ 22 വരെയും പിന്നീട് ഫെബ്രുവരി 13 മുതൽ 22 വരെയും നടന്ന ഓൺലൈൻ ഫോട്ടോ എക്സിബിഷനിൽ പ്രവിയുടെ തിരഞ്ഞെടുക്കപ്പെട്ട രണ്ട് ഫോട്ടോകൾ വീതം പ്രദർശിപ്പിച്ചതും സമ്മോഹനനിമിഷങ്ങൾ പകർന്നു.

''തലൈക്കുത്തലും മറ്റ് കഥകളും'' എന്ന ടീ ബീ കഥാസമാഹാരത്തിലെപ്രവീണിന്റെ കഥ - ''അനാഥമാകുന്ന ആവലാതികൾ- ശ്രദ്ധേയമായി. ബാങ്ക് ജോലിയുടെ ഭാഗമായി കോടതികളിൽ ചെലവഴിച്ച സമയങ്ങളിലെ സൂക്ഷ്മ നിരീക്ഷണങ്ങളാണ് ആ കഥയെഴുതാൻ തന്നെ പ്രാപ്തനാക്കിയത്- പ്രവീൺ സർഗ്ഗഭാവനയുടെ നാൾവഴിയിലേക്ക് മനസ്സുതുറന്നു. കോർട്ട്റൂം പശ്ചാത്തലമാക്കിയ ഈടുറ്റ കഥയിലൂടെ ഒരു കഥാകാരനുണർന്നു. പുതു കഥകളുടെ സമാഹാരവും പ്രവിയിൽ നിന്ന് വൈകാതെയുണ്ടാകുമെന്ന് കരുതാം.

ഗസലുകളുടെ ശീലും കാവ്യസ്വപ്നങ്ങളെയുണർത്തുന്നു; പാടിത്തെളിയുന്ന സ്വപ്നവും കാണുന്നു പ്രവി.

ടാലന്റഡ് ബാങ്കേഴ്സിന്റെ ഉദ്ദേശലക്ഷ്യം തികവാർന്നു കാണുന്ന ടാലന്റ്, പ്രവീൺകുമാർ പി.വി.

പ്രവീണിനും കുടുംബത്തിനും
ആശംസകളോടെ,

---------------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ,

എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

----------------------------------------------------------------------------------------------------

"What's your reflection on TB"? Whence came along a succinct and abridged reply from the banker, vividly putting across his cerebration. " It is a miraculous tonic devoid of side effects and in possession of the power to assuage my stress levels".

Bank trolls was the very first platform he ventured into. In 2019 he joined TB group as well." I came in predominantly as an aficionado, however, 'Kammattam'- the compilation of stories of bankers never let me slip into peaceful slumber, for I couldn't contribute my story to be included in that. It fuelled my resolve to get my story featured in the next book."

Pravi's association with TB is enchanting and inseparable. It has been more than a year since we came across this indefatigable banker in the Bank trolls group.

Let's acquaint with you this week, the 256th Talented Banker;

Praveen Kumar P.V
(Praveen Kumar Pravi)
Canara Bank,
Broadway Branch,
Ernakulam.

Praveen was born in 1982 as the elder one among the two children of the couple- Shri. Vallon and Smt. Thankamma who made a living out of the proceeds from farming and a small scale business they were into, at Pookkattupadi village in Ernakulam district. Their business witnessed a downfall in the beginning of the year 2000 when he was 2 years old.

The family's sole source of income was that of his mother, who worked as a part-term employee in KSEB, which helped him in the furtherance of his studies . She retired from the services of KSEB in 2022. Pradeep Kumar, Praveen's brother is self-employed as an automotive painter.

Praveen had his schooling at St. Augustine Lower Primary School Pazhangad, Government High School Irumpanam.He did his collegiate education at Al-Amin College, Edathala and Bharathamatha College,Thriikkakkara. No talent was attributed to him by others around and hence he was more focussed on studies.

Praveen completed his Mcom from Bharathamatha college.

He had the opportunity to work in different organizations which added to his experience and

attuned him to be adaptive in whatsoever careers he took up. He joined a private firm shortly after his studies from where he moved to Popular Motors in Bangalore.

He returned home after working there for three years. In the next one and a half years he worked at Renjini Eye Hospital in Vyttila.

He resigned his job at the hospital and joined Bank coaching classes in Brilliance Institute at Ernakulam. In the course of attempting different bank tests, he got appointment as an accounts officer in Milma.

Meanwhile he cleared the Bank Probationary Officer Exam in 2012, following which he resigned from Milma and joined Canara Bank.His first posting was in Thalassery.

After giving his best to his assignments in Malappuram, Palakkad , Erode and Chennai Inspection Unit, he continues to serve as Senior Manager at Ernakulam Broadway Branch.

Praveen is married to Sanitha and they have a daughter, Bhavya, who is studying in fifth grade and fervently pursues Bharatanatyam.

The household affairs are safe with Sanitha who utilizes her spare time productively, preparing for competitive exams.

Trolls posted by Praveen in Bank Trolls group which have earned lots of 1k badges , with catchy captions and memes portray a lively picture of the day to day affairs of banking.

Praveen has been passionate about photography abinitio .Drawing inspiration from the encouragement of his friends coupled with TB Photography Club's tips,he bought a DSLR camera.

The cashew plantation near his old house with chirping of birds lingering all around, serves as the perfect setting to further his passion.

His neighbour and friend Anoop has always extended his relentless support and encouragement to him.

Praveen gathered information regarding the best lens which could be used in the pursuit of bird watching which was his area of interest, with utmost accuracy, from Sooraj Nallore. Praveen turns to his Nikon DSLR camera during his leisure time.

The photos posted by Praveen in TB Facebook page brimmed with the elegance of nature has ubiquitously captivated the members.

Selected photographs of Pravi were displayed in the online photo exhibition held from 13th to 22nd January 2024 and then from 13th to 22nd February 2024 by 'Manikarnika' Art Gallery, headquartered in New Delhi.

Praveen's story titled 'Anathamakunna aavalathikal' (Forlorn concerns ) included in the TB compilation of stories- 'Thalaikuthalum mattu kathakalum' has gained wide acceptance.

His observations during the time spent by him in courts as part of his job enabled him to write it ; Praveen enumerated how his talents came along giving a glimpse of the annals of his creative faculties. The writer ingrained in him made a noted appearance through the story well brought out in the backdrop of a court setting. Hopefully soon,there will be a compilation of new stories from his end.

Pravi is passionate about ghazals too and he hopes to refine his singing skills in the days to come.

Talented Bankers community wishes all the best to Praveen and his family.